**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5549** **05-07-2024 - ൽ മറുപടിയ്ക്ക്**

**ക്ഷീര കർഷകർക്കുള്ള ഇൻഷ്വറൻസ് പ്രീമിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീര കർഷകർക്കുള്ള ഇൻഷ്വറൻസ് പ്രീമിയം തുക വർദ്ധിപ്പിക്കുകയുണ്ടായോ; | (എ) | ക്ഷീരകർഷകർക്കായുള്ള ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതിയിൽ ക്ഷീര കർഷകർക്കുള്ള ഇൻഷ്വറൻസ് പ്രീമിയം തുക വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | വർദ്ധനവ് വരുത്തുന്നതിനു മുൻപ് എത്ര രൂപയായിരുന്നു ഇൻഷ്വറൻസ് പ്രീമിയം ഇനത്തിൽ കർഷകർ അടയ്ക്കേണ്ടിയിരുന്നതെന്നും നിലവിൽ എത്ര രൂപയായാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (ബി) | വർദ്ധനവ് വരുത്തുന്നതിന് മുമ്പ് ഇൻഷ്വറൻസ് പ്രീമിയം ഇനത്തിൽ കർഷകർ അടയ്ക്കേണ്ടിയിരുന്ന തുക – 2,015/-<br>നിലവിൽ കർഷകർ അടയ്ക്കുന്ന തുക - 2,247/-<br>വർദ്ധനവ് - 232/-രൂപ |
| (സി) | ഇൻഷ്വറൻസ് പ്രീമിയം തുക വർദ്ധനവിന് പുറമേ കാലിത്തീറ്റ, പിണ്ണാക്ക് തുടങ്ങിയവയുടെ വിലയും വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് കാലിത്തീറ്റ മുൻ വർഷത്തെ വിലയേക്കാൾ കുറവിലാണ് വിപണനം ചെയ്യുന്നത്.<br>2022 നവംബർ 1 - ലെ വിലവർദ്ധനവിനു ശേഷം മിൽമ കാലിത്തീറ്റകൾക്ക് വില വർദ്ധിപ്പിച്ചിട്ടില്ല. |
| (ഡി) | മുൻ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ കാലിത്തീറ്റ, പിണ്ണാക്ക് തുടങ്ങിയ കന്നുകാലി തീറ്റ വസ്തുക്കൾക്ക് ഉണ്ടായിട്ടുള്ള വർദ്ധനവ് എത്ര വീതം ആണെന്ന് അറിയിക്കുമോ; | (ഡി) | മുൻ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ കാലിത്തീറ്റകൾക്ക് വില വർദ്ധിപ്പിച്ചിട്ടില്ല. |
| (ഇ) | ഈ വർദ്ധനവുകൾക്ക് ആനുപാതികമായി പാൽ വിലയിൽ വർദ്ധന ഉണ്ടായിട്ടില്ല എന്നത് പരിശോധിക്കുകയുണ്ടായോ; എങ്കിൽ ക്ഷീര കർഷകർക്ക് നഷ്ടം കൂടാതെ തൊഴിലുമായി മുന്നോട്ടു പോകുന്നതിന് സഹായകരമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് അറിയിക്കാമോ? | (ഇ) | കാലിത്തീറ്റ, പിണ്ണാക്ക് തുടങ്ങിയ കന്നുകാലി തീറ്റ വസ്തുക്കൾക്ക് മുൻ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ വില വർദ്ധിപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ